പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T. 759 — 24/01/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. മുരളീധരൻ<br>,, കെ.സി.ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അടൂർ പ്രകാശ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുവാൻ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| | | (ബി) & (സി) | |
| (ബി) | ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെങ്കിൽ മന്ത്രിസഭാ തീരുമാനങ്ങളിൽ 24 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കുന്ന പതിവ് ഇക്കാര്യത്തിൽ ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | 1. | സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ 24 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കേണ്ട അടിയന്തിര സാഹചര്യം നിലവിലില്ല. നിയമവകുപ്പിന്റെ അഭിപ്രായം ഉൾപ്പെടെ എല്ലാ വശങ്ങളും കണക്കിലെടുത്ത് മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ. |
| (സി) | മന്ത്രിസഭാ തീരുമാനം എടുക്കുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഇല്ലെങ്കിൽ ഉപദേശം തേടാതെ നയപരമായ തീരുമാനം ഇക്കാര്യത്തിൽ എടുക്കുവാൻ ഉണ്ടായ സാഹചര്യം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ